**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2139** **09-02-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റേണ്ടത്തിന്റെ പ്രാധാന്യവും അവശ്യ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോയെന്നും വിശദമാക്കാമോ? | (എ) | **ആർദ്രം മാനദണ്ഡം അനുസരിച്ച് ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്ക് തല ആശുപത്രി, ഒരു റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്നിങ്ങനെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ആയതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത് തിരൂർ ജില്ലാ ആശുപത്രിയെയാണ്. ആയതിനാൽ തിരൂരങ്ങാടി താലൂക് ആശുപത്രിയെ ജനറൽ ആശുപത്രിയായി മാറ്റുന്നതിനുള്ള വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ